പ്രഭുവിൻെറ

# മാനസാന്തരം

കഥാപ്രസംഗം

By

Mrs. MARIAMMA VARUGHESE

വൈലിപ്പറമ്പിൽ

1954

പ്രസാധകർ

മലങ്കര മർത്ത്മറിയം വനിതാസമാജം

കോപ്പി 1000] [വില 2 ണ.

MJDL

# മുഖവുര.

1953 ഒക്ടോബർ 17-ാം൹ കുറിച്ചിവനിതാമന്ദിരം ഹൈസ്കൂളിൽവച്ചു കൂടിയ; മലങ്കര മർത്തമറിയം സമാജം സെക്രട്ടറീസ് മീററിംഗിൽ, അതിന്റെ ഭാരവാഹികൾ എന്റെ ഒരു കഥാപ്രസംഗം കേൾക്കണമെന്ന് ആവശ്യപ്പെടുകയും, അതനുസരിച്ച് ഞാൻ മുമ്പ് പഠിച്ചിട്ടുള്ളതും എനിക്ക് അറിയാവുന്നവയുമായ കഥയും പാട്ടുകളും കൂട്ടിച്ചേർത്ത് ഒരു കഥാപ്രസംഗം ചെയ്കയും, അത് അന്നുകൂടിയിരുന്ന എല്ലാവർക്കും വളരെ തൃപ്തികരമായി തോന്നുകയും ചെയ്തതിനാൽ, അത് അച്ചടിപ്പിച്ചുകൊടുക്കണമെന്ന് എല്ലാവരും നിർബന്ധിക്കുകയുണ്ടായി. അത് അച്ചടിപ്പിക്കുന്ന ഭാരം, അവിടെവച്ചുതന്നെ ജനറൽസെക്രട്ടറിയായ മിസ്സ്. സി. ററി. ഏലിയാമ്മ ഭരമേററു. ഈ വിവരം മിസ്സ്. സി. ററി. ഏലിയാമ്മ, സമാജം സുപ്രീം പ്രസിഡന്റ് നി. വ. ദി. ശ്രീ. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയെ അറിയിക്കുകയും, തിരുമേനി കല്പിച്ചനുവദിക്കുകയും ചെയ്തതനുസരിച്ച് ഞാൻ ഇതെഴുതിയുണ്ടാക്കി.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് എന്നെ പ്രേരിപ്പിച്ച വാത്സല്യസഹോദരികളോട് എനിക്കുള്ള നിർവ്യാജമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഈ ലഘുകൃതി സഹൃദയലോകത്തിന്റെ ഉദാരഹസ്തങ്ങളിൽ സാദരം സമർപ്പിച്ചുകൊള്ളുന്നു.

മറിയാമ്മ വറുഗീസ്,
വൈലിപ്പറമ്പിൽ.

MDL

## ത്രീയേകദൈവത്തിന്നു സ്തുതി.

### പ്രാർത്ഥന.

‘സമയമിതുവെ–സരസമോടെ–വാടാ’–രീതി

പരമതനയാ–വരമതേകാ–പാരാ–തിന്നെൻനാഥാ!
ഇന്നുമെന്നും നിന്നെയോർത്തുനാഥാ–നീതിനേടാൻ
നേടാൻസുഖം തേടാൻ മനം വാടാതെന്നും പാടാൻ
(പരമതനയാ ...

# പ്രഭുവിന്റെ
# മാനസാന്തരം.

---

സമയം സന്ധ്യയാകാറായി. കതിരവന്റെ ചെങ്കിരണങ്ങൾ പശ്ചിമദിക്കു്മുഖരത്തിന്നു് ഒരു മനോഹാരിത പ്രദാനം ചെയ്തിരിക്കയാണു്. സുഖലോലുപനായ ലോകമിത്രപ്രഭു, പ്രാസാദത്തിന്റെമട്ടുപ്പാവിൽ പശ്ചിമദിക്കിലേക്കു് നോക്കിനിൽക്കയാണു്. ചെറുപ്പകാലത്തു ഹൃദിസ്ഥമാക്കിയ ശ്ലോകങ്ങളിൽ ചിലതങ്ങനെ ഈണത്തിൽ ചൊല്ലുവാൻ അയാൾ ആരംഭിച്ചു.

‘അർക്കൻപോയബ്ധിതന്നിൽ പരിചൊടു മുഴുകി
പ്പോയതോ എന്നുനോക്കാൻ
മുക്കാലും കാറിനുള്ളിൽ തനുവതുമറവായ്
എത്തിനോക്കുന്ന ചന്ദ്രൻ’.

അങ്ങനെയിരിക്കെ, ഒരു വൃദ്ധൻ ഗേറ്റുകടന്നു വരുന്നതു കാണാറായി. ലോകത്തിന്റെ സർവ്വവും നശ്വരമെന്നും, അനശ്വരമായ മറ്റെന്തോ ഉണ്ടെന്നും, അതിനായി മനുഷ്യൻ കരുതണമെന്നുമുള്ള മഹനീയതത്വമാണു് അയാളുടെ മുദ്രാവാക്യമെന്നു് വേഷത്തിൽനിന്നും പ്രകൃതത്തിൽനിന്നും മനസ്സിലാകുന്നുണ്ടു്. അയാൾ പാടുകയാണു്:–

## പൊന്നേശുതമ്പുരാൻ–രീതി.

1 ലോകപ്രപഞ്ചത്തിൽ മായകളോരോന്നും
ഓർക്കുമ്പോൾ എന്തൊരു മായയിതു
ഇക്കണ്ടഭൂലോകം മായയുടെമായയാ–
കുന്നു ശാലോമോൻ ചൊന്നപോലെ

2 മായയാണെങ്കിലും ലോകമക്കളതു
കാര്യമായിട്ടു നിനച്ചീടുന്നു.
എല്ലാം ലഭിക്കിലും പുല്ലിൻെറപൂതുല്യം
ഇല്ലാതെപോകുന്നു മൃത്യുനാളിൽ

3 സമ്പത്തുണ്ടാക്കാനും സൗഖ്യംലഭിപ്പാനും
പാടുപെട്ടീടുന്നതല്പമല്ല.
നൂറായിരംപവൻ സമ്പാദിച്ചെന്നാലും
കീറത്തുണിയാലാണന്ത്യയാത്ര.

4 സന്ധുക്കളാകെത്തളർന്നുപോകുമ്പോൾ
ബന്ധുക്കളാരും തുണയ്ക്കയില്ല.
ബന്ധുവാമേശുവെ സ്വന്തമാക്കിയവർക്കെ–
ന്തെല്ലാം വന്നാലും സന്തോഷമേ

5 ലോകമക്കളവർ സാധുക്കളെക്കണ്ടാൽ
കണ്ണുമിഴിച്ചുവിറപ്പിക്കുന്നു.
സമ്പൽസമൃദ്ധിയിലാശ്രയംവെച്ചവർ
തുമ്പുകെട്ടീവിധംചെയ്തീടുന്നു.

6 ദൈവമക്കൾലോകകൗതുകത്തെതള്ളി
ദിവ്യത്വമായതു ചിന്തിക്കുന്നു.
പുത്തൻപരിഷ്കാരം അന്തസ്സെന്നീവക
ഒക്കവെ അന്ത്യത്തിൽ വേർപിരിയും.

7 കർത്താവിൻനാമത്തിൽ ആശ്രയിച്ചുനമ്മൾ
ലോകത്തെമായയെന്നെണ്ണീടേണം
എന്നാൽ നമുക്കേറെ സൗഖ്യമുള്ളസ്ഥല
ത്തെത്തിപ്രിയൻമാർവ്വിലാനന്ദിക്കാം.



പ്രഭുവിൻെറ മണിമേട കണ്ടു. പടിപ്പുര കടന്നു് പ്രഭുവിൻെറ അടുത്തു ചെല്ലുന്നതിനുമുമ്പുതന്നെ ഒററ നോട്ടത്തിനു് പ്രഭു അയാളെ കണ്ടു. കണ്ടക്ഷണത്തിൽതന്നെ കോപാവിഷ്ടനായി 'നീ ആരു്? എന്തിനിവിടെവന്നു?' എന്നിങ്ങനെ ചോദ്യംചെയ്തു.

വൃദ്ധൻ– ഞാൻ ഒരു വഴിയാത്രക്കാരൻ. അസമയമായതിനാൽ ഈ സത്രത്തിൽ താമസിക്കാമെന്നു കരുതി വന്നതാണു്

പ്രഭു– (പ്രഭുവിനു് കോപം തെല്ലു വർദ്ധിച്ചു) എടാ മഠയാ! ഈ സ്ഥലം എന്താണെന്നും ഞാൻ ആരാണെന്നും അറിവില്ല അല്ലേ? അനുവാദംകൂടാതെ കയറിവരിക മാത്രമല്ല; അധിക്ഷേപിക്കയും ചെയ്യുന്നോ? നോക്കു! തക്കതായ ശിക്ഷ നിനക്കു നല്കുന്നതാണു്. പക്ഷെ! നീ അറിയാതെ ചെയ്തതാണല്ലോ എന്നോർത്തു് ഇപ്പോൾ മാപ്പുതരുന്നു. പൊയ്ക്കൊള്ളൂ വേഗത്തിൽ! (എന്നു ഗൗരവത്തിൽ പറഞ്ഞു)

വൃദ്ധൻ– ഞാൻ പൊയ്ക്കൊള്ളാം. എനിക്കു് നാലുകാര്യങ്ങൾ ഉണർത്തിക്കാൻ അനുവാദം നൽകിയാലും!

പ്രഭു– ആഹാ! നാലുകാര്യങ്ങൾ എന്താണാവോ? ആട്ടെ ചോദിച്ചോളൂ. ഒരുതൊഴിലുമില്ലാതെ നടക്കുന്നകൂട്ടർ

വൃദ്ധൻ– എനിക്കു് ഒരു തൊഴിലുണ്ടു്.

പ്രഭു– എന്താണു് നിൻെറ തൊഴിൽ?

വൃദ്ധൻ– എൻെറ തൊഴിൽ,

"നല്ലതുചൊല്ലിക്കൊടുക്കയുംകേൾക്കയും
നല്ലതുചെയ്കയും ചെയ്യിക്കയുംതഥാ"

പ്രഭു– ഉം! വളരെയൊക്കെചെയ്യും. ആകട്ടെ! പൊയ്ക്കൊള്ളൂ! വേഗത്തിൽ.

MJDL

വൃദ്ധൻ- അതല്ലാതെ പിന്നെ,

'വമ്പരിൽമുമ്പനായ് ഡംഭാദിദുർഗ്ഗുണ-
സമ്പൂർണ്ണനായ് ഞെളിഞ്ഞീടിൽഫലമെന്തേ'

എന്നാണ് എന്റെ വിചാരം.

പ്രഭു- (ഇതുകേട്ടപ്പോൾ പ്രഭുവിന് കോപംസഹിക്കാതെ ഇറങ്ങിച്ചെന്ന്) നിന്റെ യാത്രയൊക്കെ ഇപ്പോൾതന്നെ ഞാൻ നിർത്തിവെയ്ക്കാം.

'ഓടിച്ചാടിക്കടന്നിങ്ങനെ വിട്ടുമായം
വന്നതെന്തിന്നു വിഢി!
പോടാ ഫോ! ഫോ! വിടാ ഞാൻ
നടയിവിടെക്കെഞ്ചീടേണ്ടാ വൃഥാ നീ-
കൂട്ടം നിങ്ങൾക്കു മുഷ്ക്കിത്തരവുമതിന്നെ
താഴ്ത്തിവെയ്ക്കാമതല്ലം-കൂട്ടംവേഗേന
നിന്നെക്കൊടിയൊരടവിയിൽചേർത്തു
ബന്ധിച്ചിടും ഞാൻ'

വൃദ്ധൻ- പ്രഭോ! കോപിയ്ക്കരുതേ! ചോദിക്കാൻ അനുവദിച്ചതു് ചോദിച്ചുകൊണ്ടു് വേഗം പൊയ്ക്കൊള്ളാം.

പ്രഭു- എന്നാൽ ചോദിക്കണം-വേഗം-

വൃദ്ധൻ- അവിടുന്ന് ഈ മണിമേടയിൽ താമസിക്കുന്നതിനുമുമ്പ് ഇവിടെ ആരു് വസിച്ചിരുന്നു?

പ്രഭു-എന്റെ അച്ഛൻ.

വൃദ്ധൻ- അതിനുമുമ്പ്

പ്രഭു- അദ്ദേഹത്തിന്റെ അച്ഛൻ

വൃദ്ധൻ- അവരെല്ലാം ഇപ്പോൾ എവിടെ?

(അശരീരി)

'വരിക, കബറുകൾക്കകം കടന്നുകാണുക, ആ
വിരുതുപൂണ്ട രസികരൊക്കെ മരുവിടുംവിധം-



പട്ടുടുത്തതങ്ങിരുന്ന പരവതാനിയും
പട്ടുപോയി പഴയതുണി പരമ്പതും സമം'

(രണ്ടുപേരും ശ്രദ്ധിച്ചുകേൾക്കുന്നു. രണ്ടു പ്രാവശ്യം അതുതന്നെ കേൾക്കുന്നു. വീണ്ടും സംഭാഷണം തുടരുന്നു.)

വൃദ്ധൻ- അവിടുത്തെ കാലശേഷമോ?

പ്രഭു- ദൈവം അനുവദിച്ചാൽ എന്റെമക്കൾ

വൃദ്ധൻ-ഈ മണിമേടയിൽ ആരെങ്കിലും സ്ഥിരമായി താമസിച്ചിട്ടുണ്ടോ? ചിന്തിക്കണം! അങ്ങയുടെ പൂർവികന്മാരെല്ലാം വിശ്രമിച്ചിട്ടു പോയില്ലേ? ചിന്തിച്ചുനോക്കു! ഇതിന് സത്രം എന്നു പേരുപറയരുതോ? ഇതുപോലെ അനേകരുടെ വിശ്രമസ്ഥലംതന്നെ. അവിടന്നും, ഈ കൊട്ടാരത്തിൽ വിശ്രമത്തിന് വന്നിരിക്കയാണ്. ഇതു് ശാശ്വതഭവനമെന്നു ചിന്തിച്ച് ആഹ്ലാദിക്കുന്നു എങ്കിൽ അതു് എത്ര മൌഢ്യമാണ്.

പാട്ട്

'സമയമാം രഥത്തിൽഞാൻ സ്വർഗ്ഗയാത്ര ചെയ്യുമ്പോൾ'
-രീതി

മായയാംലോകം സർവ്വവും മായയുടെമായയെ
കായവും സൗഭാഗ്യവും ആദായമെല്ലാം മായയെ
ഒന്നുമില്ലാതെ വന്നതുപോൽ ഒന്നുമില്ലാതെപോകുമേ
മന്നിലെസമ്പാദ്യമെല്ലാം വിട്ടകന്നുപോകണം.
മാതാപിതാസോദരരും ഭാര്യയുംതനയരും
മാനമേറിയ സ്നേഹിതരും മായയുടെ മായയെ!
വിദ്യയും ധനപുഷ്ടിയും ബലം യൗവ്വനഹങ്കാരവും
വാദ്യഘോഷമുല്ലാസവും നിർസൗന്ദര്യവുംപോകുമേ!
ധാന്യവുംധനലാഭവും വിശിഷ്ട പീടികമാളിക
കീർത്തിയേറിയദേഹമെല്ലാം ശൂന്യമായിപ്പോകുമേ!'

MJDL

പ്രഭു– ആകട്ടെ! ഇരിക്കൂ മൂപ്പീന്നേ! ചോദിക്കട്ടെ! ഇതെല്ലാം ഉപേക്ഷിക്കണമെന്നാണോ പറയുന്നതു്?

വൃദ്ധൻ– അല്ല. അമൃതു് മരത്തിൽ കയറി വളരുന്നു. കുരുമുളകുകൊടിയും മരത്തിൽ കയറിയാണ് വളരുന്നതു്. നാം അമൃതുപോലെ ഇരുന്നാൽ മതി. കുരുമുളകുവള്ളിപോലെ ലോകത്തെ പററിപ്പിടിക്കരുതു്.

(വി: മർക്കോസു് 10: 17–28 വരെ വാക്യങ്ങൾ വായിക്കുന്നു)

'അവൻ പുറപ്പെട്ടു യാത്രചെയ്യുമ്പോൾ ഒരുവൻ ഓടിവന്നു അവൻെറ മുമ്പിൽ മുട്ടുകുത്തി. നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം എന്നു് അവനോടു ചോദിച്ചു. അതിനു യേശു: എന്നെ നല്ലവൻ എന്നു പറയുന്നതു എന്തു? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല. കുല ചെയ്യരുതു്, വ്യഭിചാരം ചെയ്യരുതു്, മോഷ്ടിക്കരുതു്, കള്ളസാക്ഷ്യം പറയരുതു്, ചതിക്കരുതു്, നിൻെറ അമ്മയെയും അപ്പനെയും ബഹുമാനിക്ക എന്നീ കല്പനകളെ നീ അറിയുന്നുവല്ലോ എന്നുപറഞ്ഞു. അവൻ അവനോടു്: ഗുരോ, ഇതു ഒക്കെയും ഞാൻ ചെറുപ്പംമുതൽ പ്രമാണിച്ചുപോരുന്നു എന്നു പറഞ്ഞു. യേശു അവനെ നോക്കി അവനെ സ്നേഹിച്ചു. ഒരു കുറവു നിനക്കുണ്ടു: നീ പോയി നിനക്കുള്ളതു എല്ലാം വിററു ദരിദ്രർക്കു കൊടുക്ക; എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു് എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ടു ഈ വചനത്തിങ്കൽ വിഷാദിച്ചു ദുഃഖിതനായി പൊയ്ക്കളഞ്ഞു.

യേശു ചുററും നോക്കി തൻെറ ശിഷ്യന്മാരോടു: സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നതു എത്ര പ്രയാസം എന്നു പറഞ്ഞു. അവൻെറ ഈ വാക്കിനാൽ ശിഷ്യന്മാർ വിസ്മയിച്ചു; എന്നാൽ യേശു പിന്നെയും മക്കളേ, സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽകടക്കുന്നതു എത്ര പ്രയാസം. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിൽക്കൂടെകടക്കുന്നതു എളുപ്പം എന്നു ഉത്തരം പറഞ്ഞു. അവർ ഏററവും വിസ്മയിച്ചു. എന്നാൽ രക്ഷപ്രാപിപ്പാൻ ആർക്കു കഴിയും എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. യേശു അവരെ നോക്കി; മനുഷ്യർക്കു അസാദ്ധ്യംതന്നെ, ദൈവത്തിനു് അല്ലതാനും; ദൈവത്തിനു് സകലവും സാദ്ധ്യമല്ലോ എന്നുപറഞ്ഞു

പത്രൊസ് അവനോടു്: "ഇതാ, ഞാൻ സകലവും വിട്ടു നിന്നെ അനുഗമിച്ചിരിക്കുന്നു എന്നു പറഞ്ഞുതുടങ്ങി"



പ്രഭു– (കുറച്ചുനേരം മൗനമായിരുന്നു. അതിനുശേഷം ചോദിച്ചു) മൂപ്പീന്നിനു് വയസ്സു് എത്രയായി?

വൃദ്ധൻ– എനിക്കു മുപ്പത്തിയഞ്ചു വയസ്സു തികഞ്ഞതേയുള്ളു. (35)

പ്രഭു– കമ്പിളങ്ങാപോലെ നരച്ച തലയും, ഉണ്ണാംലുപോലെ ആടുന്ന പല്ലുകളുമുള്ള ഈ പടുകിഴവൻ പറഞ്ഞ വയസ്സു് !! തലയ്ക്കു നല്ല സുഖമില്ലേ? ആർക്കറിയാം?

പക്ഷെ! ആ അശരീരിവാക്കു്, വിശുദ്ധപുസ്തകം ഇവയെല്ലാം ഓർക്കുമ്പോൾ ...

വൃദ്ധൻ– പ്രഭോ! പരിഭവിക്കേണ്ടാ. കർത്താവിൽ എനിക്കു 35 വയസ്സേ ആയിട്ടുള്ളു എന്നാണ് ഞാൻ പറഞ്ഞതു്. എന്നാൽ ലോകത്തിൽ ജനിച്ചിട്ടു് എഴുപതു വർഷത്തോളമായിതാനും. പ്രഭോ! നമ്മളെല്ലാവരും രണ്ടു പ്രാവശ്യം ജനിക്കണം.

പ്രഭു– ഇതെന്താണ്? ഈ മൂപ്പീന്നിനു് ഭ്രാന്തുതന്നെയാണ്. പക്ഷെ, അശരീരിവാക്കു്!

വൃദ്ധൻ– അതു് ഞാൻ സ്വയമായി പറഞ്ഞതല്ല. നമ്മുടെ കർത്താവു പറഞ്ഞതാണ്.

ഒരിക്കൽ കർത്തൃസന്നിധിയിൽ ഒരു മാന്യദേഹം വരികയുണ്ടായി. രാത്രിയിലായിരുന്നു. പലതും സംഭാഷിച്ചകൂട്ടത്തിൽ അദ്ദേഹത്തോടു പറഞ്ഞതു് ‘ഒരുവൻ വീണ്ടുംജനിക്കാത്തപക്ഷം ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കയില്ല’’. എന്നായിരുന്നു.

പ്രഭു– ഇതെങ്ങനെയാണ് സാധിക്കുന്നതു്? അത്ഭുതകരമായ ഒരു സംഗതിയാണല്ലോ.

വൃദ്ധൻ– ക്രിസ്തീയ വിശ്വാസത്തിൽ കൂടെ നോക്കുമ്പോൾ ഇതെത്രയും ആവശ്യവും അനുഷ്ഠേയവുമാകുന്നു. പ്രായംചെന്നവരെ സംബന്ധിച്ചിടത്തോളം ഇതു് പാപങ്ങളെക്കുറിച്ചുള്ള യഥാർത്ഥമായ മാനസാന്തരവും അതിനെതുടർന്നു് ക്രിസ്തുവിൻെറ കല്പനപ്രകാരമുള്ള വി: സ്നാനസ്വീകരണവും ആകുന്നു. ഇങ്ങനെ വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും വീണ്ടുംജനനം– ഇതിലിപ്പോൾ അതേങ്ങസ്സാവശ്യം ഒന്നാമത്തെ പടിയായ യഥാർത്ഥമാനസാന്തരമാണ്. അതു ദൈനംദിനം വളർന്നുകൊണ്ടിരിക്കയും വേണം. അതങ്ങനെ വിശുദ്ധസ്ഥാനത്തിലേക്കും, തദനന്തരമുള്ള ആദ്ധ്യാത്മീകവളർച്ചയിലേക്കും വഴിനടത്തണം.

പ്രഭു– മാനസാന്തരം എന്നാൽ എന്താണെന്നു് സവിസ്തരം എനിക്കു് എഴുതിതരാമോ?

വൃദ്ധൻ– അതു് വേദവായനയോ, ദൈവധ്യാനമോ, ദൈവമുമ്പിൽ മുഴങ്കാലുകളെ മടക്കുന്നതോ, ചാതുഷ്പ്രാർത്ഥനയോ, കണ്ണുനീരു തന്നെയുമോ മാത്രമല്ല; ‘‘അതു് പാപത്തിൽനിന്നു് ദൈവത്തിങ്കലേക്കുള്ള ഒരു തിരിച്ചിലും (യെഹ: 33: 11) അതോടുകൂടി, ദോഷം ചെയ്യുന്നതിനെ അശേഷം വിട്ടൊഴിയുന്ന സത്യനിർണ്ണയവും (യെശ: 1: 16) ദോഷപ്രവൃത്തികളെ മാത്രമല്ല, ദോഷവിചാരങ്ങളെക്കൂടെ വിട്ടൊഴിയുന്നതുമത്രെ’’ (യെശ. 55: 7) അതു് പാപംമൂലമുള്ള നരകശിക്ഷയെ ഭയന്നു് ദുഃഖിക്കാതെ



തൻെറ വാത്സല്യപുത്രനെ നമുക്കുനൽകിയ, സ്നേഹം നിറഞ്ഞ പിതാവിനെ നോക്കി അപ്പാ! ഞാൻ സ്വർഗ്ഗത്തിനു നേരെയും നിൻെറ മുമ്പാകെയും പാപംചെയ്തിരിക്കുന്നു എന്നു് തൻെറ അത്യന്തസ്നേഹത്തെ ചിന്തിച്ചുകൊണ്ടു് ദുഃഖിക്കുന്നതത്രെ. (ലൂ: 15: 21) മുടിയനായ അബ്ശാലോമിനുപകരം ഞാൻ മരിച്ചെങ്കിൽ കൊള്ളാമായിരുന്നു എന്നു പ്രലപിച്ചുകൊണ്ടിരുന്ന ദാവീദിനെപ്പോലെ(2 ശമുവേൽ 18-33) നമുക്കുവേണ്ടി മരിക്കാൻ മാത്രമല്ല, തൻെറ പ്രാണനെ മരണത്തിനു നൽകുകയും കൂടെ ചെയ്തവനായ യേശുവിനെ നോക്കിക്കൊണ്ടും (യെശ. 83-13) എൻെറ രക്ഷകാ! നിന്നോടുതന്നെ ഞാൻ പാപംചെയ്തു എന്നു ചൊല്ലി കണ്ണുനീർ ചൊരിയുന്നതാകുന്നു. (സങ്കീ. 51: 4) ഇതത്രെ സത്യമാനസാന്തരം.

ഇതെല്ലാം വൃദ്ധൻ വൃത്തിയായി എഴുതിക്കൊടുത്തു. അന്നരാത്രി അവിടെ താമസിച്ചു പ്രഭാതത്തിൽ വൃദ്ധൻ സ്ഥലം വിട്ടു.

യാത്രക്കാരൻെറ ഈ അദ്ധ്യാത്മീകവാക്കുകളും ജീവിതരീതിയും പ്രഭുവിൽ ഒരു വലിയ വ്യത്യാസമുണ്ടാക്കി. ശരീരത്തേക്കാളും, ലോകത്തേക്കാളും മെച്ചമായി ചിലതെല്ലാമുണ്ടെന്നുള്ള സത്യം ഹൃദയത്തിൽ തുളഞ്ഞുകയറി. അദ്ധ്യാത്മീകചിന്തയിലേക്കു് അയാൾ ഹൃദയത്തെ തിരിച്ചു. ചിന്തിക്കുന്തോറും പ്രഭുവിനു് ഹൃദയവേദന വർദ്ധിച്ചു. കൂപ്പുകൈയോടെ നിന്നു് അദ്ദേഹം പ്രാർത്ഥിക്കയാണ്,

കഷ്ടം! നിനക്കനിഷ്ടങ്ങളായനിഷ്ഠുരങ്ങൾ ചെയ്തു
പോയേൻ
നിന്നിഷ്ടംപോലെ നടപ്പാൻ ഇനിമേൽ
കടാക്ഷിച്ചരുളണമേ!
വഞ്ചനയും മദമാത്സര്യകോപഈർഷ്യാദി–
കളാലെവരും മനോചാഞ്ചല്യംനീക്കിത്തുണക്ക
നീയെന്നെ സമസ്തനന്മകൂടലെ
നിന്നെയെല്ലാററിലും ഏററംപ്രിയപ്പെട്ടു.
വന്ദനംചെയ്തിനും ഞാൻ എന്നപോലെമററെല്ലാ
രേയും സ്നേഹിപ്പാൻ അനുഗ്രഹംചെയ്കദേവാ!

## 2

കാലം കുറെ കഴിഞ്ഞു. പ്രഭു, ഭക്തിയിൽ വളരുകയാണ്. അങ്ങനെയിരിക്കെ ലോകവിരക്തനായ വൃദ്ധൻ അവിടെ വീണ്ടും വരുന്നതിനു് ഇടയായി. പടിപ്പുരയിൽ കണ്ടപ്പോൾതന്നെ പ്രഭു ഇറങ്ങിച്ചെന്നു. മഹാത്മാവേ, നമസ്കാരം! "എന്നുപറഞ്ഞു് കൂട്ടിക്കൊണ്ടുവന്നു് വളരെ സന്തോഷത്തോടെ അന്നു അവിടെ താമസിപ്പിച്ചു. പിറെറദിവസം സിദ്ധൻ യാത്രയ്ക്കൊരുങ്ങി. പ്രാർത്ഥിച്ചിട്ടു് പിരിയാമെന്നു പറഞ്ഞു. എല്ലാവരുംകൂടെ പ്രാർത്ഥിച്ചു. വൃദ്ധൻ പാടുകയാണ്.

(പരിശുദ്ധ അന്തോനിയെ............രീതി)

'ശ്രീയേശുദേവനെ എഴുന്നരുളേണമേ
എഴുന്നരുളേണമേ വരമരുളേണമേ
ഏഴകളാം ഞങ്ങൾക്കാധാരം നീ മതിയെ
ആധാരം നീയേ! നാഥനും നീയേ!
ആധികളൊക്കെതീർത്തു പന്ഥതെളിക്കണമേ
നീതിയെത്തേടുവാൻ ശാന്തിയെനേടുവാൻ
സന്തതംവാഞ്ചിക്കും അടിയാരെ കൈവിടല്ലേ
അടിയാരെ കൈവിടാ നിന്നുടെയാമൊഴികൾ
വാടാകുസുമംപോൽ ചൂടിത്തന്നീടണമേ!'

പ്രഭുവിന്റെഭാര്യ:—

(എന്തതിശയമേ ദൈവത്തിൻ സ്നേഹം—രീതി)

കർത്തനെ ഞാനെന്റെ സ്വന്തഭവനത്തിൽ
ഉത്തമമായ് നടന്നും—നിന്റെ
സത്യസാക്ഷിയായ് വിളങ്ങിപ്രകാശിപ്പാൻ
നിത്യവും നീ തുണയ്ക്കു.
മുൻപിലും പിൻപിലും കാവലായിനിന്നു



മുൻപിൻ നടക്കേണമേ!—നിന്റെ
ഇമ്പമേറും രാജ്യവന്നുചേരുംവരെ
കമ്പംകൂടാതെകാക്ക!

പ്രഭുവിന്റെ മകൻ:—

നന്ദനന്ദനാമുചുകുന്നശാസനം—രീതി

യേശുനായകാ—നരലോകപാലക
ഈശസൂനുവായനിൻപദംതൊഴുന്നുസന്തതം
എന്നെ—എന്നും—പാർത്തു നീ കാത്തിന്നീ
സുഖവുമറിവുമേകണം.
താതനമ്മയും ഗുരുനാഥരേവരും
പ്രീതിയോടു ചൊന്നിടുന്ന വാക്കുകേട്ടനാരതം
ജ്ഞാനം—നേ—ടാൻ ദൈവമേ എന്നുമേ നൽവരം
തരേണമേ.
പാഠശാലയിൽ പരിതോഷമോടുഞാൻ
ചെന്നുവിദ്യയഭ്യസിച്ചുമീണ്ടുവേണ്ടപോൽ
പുണ്യം—നേ—ടാൻ നൽകണം നൽകണം
തുണയെനിക്കുസൽഗുരോ!

പ്രഭു.— "പാലം—പരിപാലയമാം മനുവേല,
നരപാലാ
പരിപാലയമാം മനുവേല
മമപങ്കസങ്കടമാകവെയകററിനീ— (പാലാംപരി...
ജലാദിഗണങ്ങളിൽ ബഹുതിരമാലകൾ
അളവില്ലാതലയ്ക്കുന്നേൻ തലയ്ക്കുമേലധികം—
(പാലാംപരി...
ഇനിമേൽ തിരുഹിതമതിൻ വിധംനടന്നിടുവേൻ
മേലിലെനിക്കു ജീവൻദാനമായിലഭിക്കുകിൽലേശം
ഭയമില്ലാതെ വേലനിവർത്തിച്ചിടാം" (പാലം...

പ്രഭു.— മുമ്പ് അങ്ങ് ഇവിടെ വന്നതുതന്നെ വലിയ ഭാഗ്യമായി. അതുമുതൽ ഞാൻ വേദപുസ്തകം വായിക്കുകയും

ആ പരിശുദ്ധ കണ്ണാടിയിൽകൂടി ഞാൻ എന്നെത്തന്നെ കണ്ടു് എന്നിലുള്ള കുറവുകളെ പരിഹരിക്കുകയും അങ്ങനെ ഒരു മാനസാന്തരജീവിതം നയിക്കുന്നതിനു് ഇടവരികയുംചെയ്തു. ആത്മാവു് ജഡത്തെ കീഴ്പെടുത്തുന്നതിനും അപ്പോൾ മുതൽ ഒരു ആത്മീകസന്തോഷവും സമാധാനവും ആശ്വാസവും എനിക്കുണ്ടാകുന്നതിനു് ഇടയാകുകയും ചെയ്തു. ഇതിനു കാരണഭൂതനായ അങ്ങയോടു് ഞാൻ വളരെ കൃതജ്ഞതയുള്ളവനാണു്. എനിക്കും എന്റെ കുടുംബത്തിനും മറക്കാവതല്ലാത്ത ഉപകാരമാണു് അവിടന്നു് ചെയ്തതു്. അവിടന്നു് എന്റെ കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കണം. ഞങ്ങളുടെ ജ്ഞാനസ്നാനവും നടത്തിച്ചുതരണം.

('ഇതു കൈവശമിരിക്കട്ടെ!' എന്നുപറഞ്ഞു പ്രഭു ഒരു പണക്കിഴി വൃദ്ധന്റെ നേക്കു നീട്ടി)

വൃദ്ധൻ— പണത്തിന്റെ ആവശ്യം എനിക്കില്ല.

പ്രഭു— ഭക്ഷണത്തിനും ഉടുപ്പിനും ബുദ്ധിമുട്ടു വരാതിരിക്കുന്നതിനുവേണ്ടി ഇതുവാങ്ങിക്കണമെന്നാണു് എന്റെ അപേക്ഷ.

വൃദ്ധൻ— അങ്ങനെയൊന്നും നമുക്കു വിചാരിക്കേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ ...

'കാൽവറിമേടതിൽ'—രീതി

നമ്മളെല്ലാം ദൈവത്തിൻ മക്കളല്ലയോ
നമ്മളെത്താനുപേക്ഷിക്കുകയോ,
ശാശ്വതമാംദൈവപാലനയിൽസദാ
ആശ്രയിക്കേണംനിരാശയെന്യേ
ആകാശത്തിൽപറക്കും പക്ഷിജാലങ്ങൾ
ക്ലേശവുംഭീതിയും സംശയവും



നാളത്തെകാര്യത്തിൽ ഉൽകണ്ഠയുംവിനാ-
ജീവിക്കുന്നില്ലയോ മോദമോടെ
താഴ്‌വരയിൽവിടരും കുസുമാവലി
താരകങ്ങൾപോലെ ശോഭിക്കുന്നു
ആയവസ്ത്രീപ്രഭയും മധുവും നല്ല-
വാസനയും നൽകി പാലിക്കുന്നു.
പക്ഷിയേയും പൂവിനേയുംകാൾ ഏററവും
പക്ഷമോടല്ലയോ സ്വർഗ്ഗതാതൻ
രക്ഷിക്കുന്നു മക്കളാം നമ്മളെയെല്ലാം
ഉൽക്കണ്ഠയെന്തിനാണീവിധത്തിൽ

എന്നു പറഞ്ഞു ഒരു പാട്ടുപാടിക്കൊണ്ടു് വൃദ്ധൻപോയി.

'നരരെവിധിപ്പതിനായ് യേശുരാജനീധരയിൽ —രീതി

തരസാനരഗണമേ—മാനസാന്തരപ്പെടുക
വരികേശുവിന്നരികെ—പാപമോചനംലഭിപ്പാൻ
കരുണാനിധിചരണെചേരുന്നോരെയഖിലവും
ഒരുനാളുംതള്ളുകില്ല ദേവൻചേക്കുമെചിറകിൽ
അറിയായ്മയേതുമേ പൊറുത്തീടുംദൈവവും
പരനേശുരക്ഷകനും തന്റെ ശിഷ്യഗണങ്ങളും
പ്രസംഗിച്ചതീവചനം യോഹന്നാനാംസ്നാപകനും
അനുതാപപ്പെട്ടുകൊൾ, മനസ്സാകെ മാററുവിൻ
നിനുവായെന്നനഗരം—യോനതന്നുടെവചനം
മനസ്സിൽ ഗ്രഹിച്ചതിനാൽ—അനുതാപപ്പെട്ടുവല്ലോ
മനുവേലനിതായിഹ—യവുനാനേക്കാൾപരൻ.

## പ്രാർത്ഥന

പൊന്നേശുനായകാപാദേവന്നീടുന്നു
ഇന്നേരം നിൻദാസിമാരാം ഞങ്ങൾ
കന്നിമേരിയെപ്പോൽ താഴ്മവരിസ്സുവാൻ
ഉന്നതനെ കൃപചെയ്യണമേ.
നിൻമാതാവാംമേരി എത്രയോ കഷ്ടങ്ങൾ
നിന്നെപ്രതി സഹിച്ചീഭൂമിയിൽ
ലോകാപവാദം പരിഹാസമെന്നിവ
ലോകരിൽ നിന്നേറെയേററുമാതാ
നിന്നെപ്രതി പരിഹാസം സഹിപ്പാനും
മന്നിൽ കഷ്ടനഷ്ടമേററീടാനും
കർത്താ നിന്നെ ഞങ്ങൾ ഉള്ളിൽവഹിച്ചുനിൻ
സത്യസാക്ഷികളായ് ജീവിപ്പാനും
കർത്താവെ നിൻെറയീദാസിമാർക്കെല്ലാർക്കും
ശക്തിയരുളേണം രക്ഷാകരാ
ലോകത്തിൽ ഞങ്ങൾക്കുള്ളാഹാരം നീതന്നെ
നാകേശ്വരൻ ആത്മഭർത്താവത്രെ.

**അശരീരി:-**

ലോകം നശ്വരമാണ്. കൊട്ടാരം സത്രമാണ്. ശ
രീരം മണ്ണാണ്. സൗന്ദര്യം നിസ്സാരമാണ്. വിത്തം വ
നാശഹേതുകമാണ്. ബുദ്ധി പരിമിതമാണ്.

**അതിനാൽ:-**

തിന്മയ്ക്കുപകരംപോലും നന്മചെയ്ത്, സർവ്വലോകന
ഥനെ സർവ്വദാ സ്മരിച്ച്, ആത്മശരീരമനസ്സുകളെ മാല
ന്യമെന്യെ കാത്ത്, പരോപകാരത്തിനായി പണിപ്പെട്ടു
സത്യമതം സ്വീകരിച്ച് നിത്യാനന്ദം അനുഭവിച്ചാലും
നിത്യമുക്തി പ്രാപിച്ചാലും.

---

ശുഭം

Bethany Printing House, Tiruvalla.

MJDL